"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 218/2008 നമ്പർ കേസ് - ബാലൻസ് വിധിക്കടത്തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1145/2025/LSGD തീയതി, തിരുവനന്തപുരം, 09-05-2025**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 21/08/2024-ലെ എ3/2166/2022/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02/12/2024-ലെ കെ-10/200471/19 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.426/2025/ത.സ്വ.ഭ.വ, തീയതി, 11/02/2025.
4. സ.ഉ.(സാധാ) നം.3327/2025/ധന, തീയതി, 02/04/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി 0.13 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന എൽ.എ. ആർ. 218/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 218/2008 നമ്പർ കേസിലെ 10/01/2012-ലെ വിധിന്യായത്തിൽ പിശകുകൾ കണ്ടെത്തിയതിനെ തുടർന്ന് ആയത് തിരുത്തുന്നതിന് കറക്ഷൻ പെറ്റീഷൻ ഫയൽ ചെയ്തതിന്മേൽ നാളിതുവരെ തിരുത്തി ലഭിച്ചിട്ടില്ലായെന്നും എന്നാൽ കാലതാമസം മൂലം സർക്കാരിന് പലിശ ഇനത്തിൽ അധികബാധ്യത ഒഴിവാക്കുന്നതിനായി എൽ.എ.സി. ഫയലിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കണക്കുവിവരപ്പട്ടിക പ്രകാരമുള്ള തുകയായ 6,57,251/- രൂപ (ആറു ലക്ഷത്തി അമ്പത്തേഴായിരത്തി ഇരുന്നൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

3. മേൽ പരാമർശിച്ച എൽ.എ.ആർ. 218/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 6,57,251/- രൂപ (ആറു ലക്ഷത്തി അമ്പത്തേഴായിരത്തി ഇരുന്നൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി സുമ ആർ.നായർക്ക്

അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 6,58,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി 0.13 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന എൽ.എ. ആർ. 218/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 6,57,251/- രൂപ (ആറു ലക്ഷത്തി അമ്പത്തേഴായിരത്തി ഇരുന്നൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി സുമ ആർ.നായർക്ക് ((D/o സരസ്വതി, കളത്തിൽ പുത്തൻവീട്, റ്റി.സി.13/1670, പട്ടം, തിരുവനന്തപുരം) അനുവദിക്കുന്നതിനായി തിരു. ജില്ലാ കളക്ടർക്ക് '4217-60-800-93 Payment of compensation in LAR Cases (Plan)' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി സുമ ആർ.നായർ, D/o സരസ്വതി, കളത്തിൽ പുത്തൻവീട്, റ്റി.സി.13/1670, പട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/66/2025/FIN. dated 24.04.2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/276/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 09-05-2025 18:45:54
സെക്ഷൻ ഓഫീസർ